(ബി) എത്ര സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയുടെ പ്രയോജനകരാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കൂടുതൽ പേരെ ഈ പദ്ധതിയുടെ പ്രയോജന പരിധിയിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ഓരോ മാസവും മലയോര വികസന ഏജൻസിയുടെ വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി സഹ്യശ്രീയുടെ പ്രവർത്തനം വിലയിരുത്തുകയും അവയുടെ പ്രയോജനം കൂടുതൽ ജനങ്ങൾക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) 96 സ്വയംസഹായ സംഘങ്ങളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്വയംസഹായ സംഘങ്ങൾക്ക് സഹായം ലഭ്യമാക്കി പദ്ധതിയുടെ പ്രയോജന പരിധിൽ കൊണ്ടു വരുന്നതാണ്.

കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ

54 (3021) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും റോഡുകൾ തിരിച്ച് വിശദമാക്കാമോ ;

(ബി) പദ്ധതി പ്രകാരം 2014-15 വർഷം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഭരണാനുമതി നൽകാൻ ബാക്കിയുള്ള എത്ര റോഡുകളുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെ ആണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12, 2012-13, 2014-15 വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. 2013-14 വർഷം ഭരണാനുമതി ലഭിച്ച റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 41 കി.മീ. റോഡ് അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ ലിസ്റ്റ് തയ്യാറാക്കി വരുന്നു.

കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

55 (3022) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2011-12,2012-13, 2013-14, 2014-15 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

പി.എം.ജി.എസ്.വൈ. പ്രകാരം 2011-12, 2012-13, 2014-15 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2011-12	-	റോഡുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല.	
2012-13	-	രംഗനാഥ് തെരയൻകോട് റോഡ് കേരളശ്ശേരി പഞ്ചായത്ത്	- അനുവദിച്ച തുക 100.195 ലക്ഷം 1.360 കി.മീ.
2013-14	-	പാലക്കയം തിരുപ്പതി റോഡ് തച്ചമ്പാറ പഞ്ചായത്ത്	- അനുവദിച്ചതുക 662.32 ലക്ഷം 6.150 കി.മീ.
2014-15	-	1. പനയംമ്പാടം വാക്കട റോഡ് 2. വാക്കടപ്പുറം വാക്കടപ്പുറം റോഡ്.	

ഈ റോഡുകൾ കോങ്ങാട് മണ്ണാർക്കാട് നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്നു. ഈ രണ്ടു റോഡുകൾ ഈ വർഷത്തെ പി.എം.ജി.എസ്.വൈ.-II-ലെ കാൻഡിഡേറ്റ് റോഡിൽ ഉൾപ്പെടുത്തി അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly